കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ്

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

2018 ഒക്ടോബർ 10
ബുധൻ

## കാസർകോടിനെ മുളയുടെ തലസ്ഥാനമാക്കാൻ സമഗ്ര പദ്ധതി

പ്രകൃതി, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി കാസർകോടിനെ മുളയുടെ തലസ്ഥാനമാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കി. പരിസ്ഥിതി സംരക്ഷണത്തിനും ജലക്ഷാമം പരിഹരിക്കുന്നതിന്നും മുളയനുബന്ധ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുമായി ജില്ലയിൽ വൻതോതിൽ മുളവച്ചു പിടിപ്പിക്കുക എന്ന ജില്ലാ കളക്ടർ ഡോ.സജിത് ബാബുവിന്റെ ആശയം പ്രായോഗികമാക്കുന്നതിനുള്ള നടപടികളാണ് ആരംഭിച്ചത്. ജില്ലയുടെ സൗന്ദര്യവൽകരണത്തോടൊപ്പം മുളവച്ചു പിടിപ്പിക്കുന്നവർക്ക് ചുരുങ്ങിയ കാലയളവിൽ തന്നെ വരുമാനം കൂടി ലഭ്യമാക്കാൻ സഹായ കമാകുന്ന തരത്തിലാണു പദ്ധതി നടപ്പാക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആദ്യയോഗം കുമ്പള ഗ്രാമപഞ്ചായത്ത് ഹാളിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്നു. ആദ്യഘട്ടത്തിൽ കാസർകോട് ബ്ലോക്കിലെ ബദിയടുക്ക, കുമ്പള, മൊ ഗ്രാൽപുത്തൂർ, മധൂർ, ചെങ്കള, ചെമ്മനാട് ഗ്രാമ പഞ്ചായത്തുകളിലും മഞ്ചേശ്വരം ബ്ലോക്കിലെ മഞ്ചേശ്വരം, മംഗൽപാടി, വൊർക്കാടി, എൻമകജെ, മീഞ്ച, പുത്തിഗെ, പൈവളിഗെ ഗ്രാമ പഞ്ചായത്തുകളിലുമാണ് മുളവത്കരണം നടത്തുന്നത്. പിന്നീട് ജില്ല മുഴുവൻ പദ്ധതി വ്യാപിപ്പിക്കും. മൂന്നു ലക്ഷത്തോളം കല്ലുമു ള തൈകളാണ് ഈ 13 പഞ്ചായത്തുകളിൽ വച്ചുപിടിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ മണ്ണ് പരിശോധന നടത്തും. ഇതേ സ്ഥലങ്ങളിൽ മുളവച്ചു പിടിപ്പിച്ചതിന് ശേഷം മണ്ണി ലുണ്ടാകുന്ന ജൈവ-രാസ വ്യത്യാസങ്ങൾ വീണ്ടും പരിശോധിക്കും.

എറ്റവും കൂടുതൽ നദികളുള്ള ജില്ലയാണ് കാസർകോടെങ്കിലും വേനൽക്കാലത്ത് വരൾച്ച രൂക്ഷമാവുന്ന ജില്ല കൂടിയാണ്. ഇതിനൊരു പരിഹാരം എന്ന നിലയിൽകൂടിയാണ് പദ്ധതി നടപ്പാക്കുന്നത്. മുളയുടെ വേരുകൾക്ക് പാറകൾക്കിടയിലൂടെ ഇറങ്ങിച്ചെല്ലാനുള്ള കഴിവുണ്ട്. ഇത് ഉപരിതലത്തിൽ ലഭിക്കുന്ന മഴവെള്ളം ഒഴുകിപ്പോകാതെ ഭൂമിക്കടിയിലേക്ക് താഴ്ത്തിക്കളയാൻ സഹായിക്കും.ഏറ്റവും വേഗത്തിൽ വളരുന്ന ഒരു സസ്യമാണ് മുള. ഒരു മാസം കൊണ്ട് 91 സെന്റീമീറ്റർ വളരും. കുടാതെ അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് വർധിപ്പിക്കാനും മുള സഹായിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ഹരിത കേരളം മിഷൻ, സന്നദ്ധ സംഘടനകൾ, വിവിധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക. ഇതിനായി ജനകീയ കർമ്മസേന രൂപീകരിക്കും.

ജില്ലാ തലത്തിൽ പദ്ധതി നടപ്പാക്കുന്നതിനും ബോധവൽകരണത്തിനും മേൽനോട്ടത്തിനുമായി ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു ചെയർമാനും ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർ വി. കെ.ദിലീപ് കൺവീനറും എ.ഡി.സി ജനറൽ ബെവിൻ ജോൺ വർഗീസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്റ്റർ ടി.ജെ അരുൺ, ഡി.ഡി.പി ഓഫീസ് സീനിയർ സൂപ്രണ്ട് കെ.വിനോദ് കുമാർ, സോയിൽ

(തുടരും)

കൺസർവേഷൻ അസിസ്റ്റൻറ് ഡയറക്ടർ എൻ സത്യനാരായണൻ, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എ.എ.ജലീൽ, അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ പി.ബിജു , മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.കെ.എം അഷ്റഫ് , കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഹമ്മദ് കുഞ്ഞി ചായിന്റടി, കാസർകോട് ജോയിന്റ് ബി.ഡി.ഒ പി.ബി.അമീർ ജാൻ, കുമ്പള ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പി.ജയൻ, മീഞ്ച ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ജോയ് തോമസ്, എം.എൻ ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ സഫാദ് അലി, സഹീർ അലി, കാസർകോട്, മഞ്ചേശ്വരം ബ്ലോക്കുകളിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളാണ്.

**ഫോട്ടോ അടിക്കുറിപ്പ്: കളക്ടർ ബാംബു:-** കാസർകോടിനെ മുളയുടെ തലസ്ഥാനമാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി കുമ്പളയിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ ഡോ.സജിത് ബാബു പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നു.

## പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളിയാൽ പിടിവീഴും;

## വിവരം നൽകുന്നവർക്ക് പാരിതോഷികം

## വിവരങ്ങൾ വാട്ട്സ് ആപ്പ് 8547931565 നമ്പറിലൂടെ അറിയിക്കാം

ജലസ്രോതസുകളിലും പൊതുസ്ഥലങ്ങളിലും കോഴി അവശിഷ്ടങ്ങളും അറവുമാലിന്യങ്ങളും ജനങ്ങൾക്ക് ബുദ്ധിമുട്ടും രോഗവ്യാപനത്തിനും കാരണമാകുന്ന മറ്റുമാലിന്യങ്ങളും വലിച്ചെറിയുകയോ, നിക്ഷേപിക്കുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു നിർദേശം നൽകി. രാത്രിയിലും മറ്റും ആളൊഴിഞ്ഞ പ്രദേശങ്ങളിലും റോഡിന്റെ വശങ്ങളിലും തോടുകളിലും മാലിന്യങ്ങൾ തള്ളുന്നത് പലതരത്തിലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്നതിനും ജലസ്രോതസുകൾ മലിനമാകുന്നതിനും ജനങ്ങൾക്ക് ഏറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ജലസ്രോതസുകൾ മലിനമാക്കുന്നവർക്കെതിരെ അഞ്ചുവർഷം വരെ തടവ്ശിക്ഷ ലഭിക്കാവുന്ന വകുപ്പുകൾ ചേർത്ത് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യും.

പൊതുസ്ഥലങ്ങളിൽ ജൈവ-പ്ലാസ്റ്റിക് മാലിന്യങ്ങൾ തള്ളുന്നതോ കത്തിക്കുന്നതോ കണ്ടാൽ ഫോട്ടോ,വീഡിയോ എടുത്ത്, പേരു വിവരങ്ങൾ സഹിതം അറിയിക്കുന്നവർക്ക് ജില്ലാഭരണകൂടം പ്രത്യേക പാരിതോഷികം നൽകുമെന്ന് ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു അറിയിച്ചു. ഇതിനായി 8547931565 എന്ന വാട്സ് ആപ് നമ്പറിലേക്കാണ് ചിത്രങ്ങളും വീഡിയോകളും അയക്കേണ്ടത്. വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കും. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണത ജനങ്ങൾ മാറ്റണമെന്നും കാസർകോട് ജില്ലയെ സമ്പൂർണ്ണ മാലിന്യമുക്ത ജില്ലയാക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളും സഹകരിക്കണമെന്നും ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു. കൂടാതെ വിവരങ്ങളും ഫോട്ടോയും നേരിട്ടോ, തപാൽ, ഇ-മെയിൽ മുഖേനയും അറിയിക്കാം.

ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ചു സംസ്ക്കരിക്കണം. പൊതുസ്ഥലങ്ങളിൽ കത്തിക്കുന്നത് പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്നതോടൊപ്പം കാൻസർ പോലുള്ള മാരക രോഗങ്ങൾക്കും കാരണമാകും. പൊതുസ്ഥലങ്ങളിലും സർക്കാർ ഓഫീസുകളിലും ശുചിത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. വീടുകളിൽ കാണിക്കുന്ന ശുചിത്വബോധം പലരും പൊതുസ്ഥലത്തും തൊഴിലിടങ്ങളിലും കാണിക്കാറില്ല.ഈ സംസ്ക്കാരം മാറ്റിയെടുക്കാൻ നാം തയ്യാറാകണമെന്നും കളക്ടർ അറിയിച്ചു. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പഞ്ചായത്ത് അനക്സ് കെട്ടിടം, വിദ്യാനഗർ പി.ഒ, കാസർകോട് -671123 വിലാസത്തിലോ, tsckasaragod@gmail.com അറിയിക്കാം.

## കോടോം-ബേളൂർ കുടിവെള്ള പദ്ധതി 15ന്

## മന്ത്രി മാത്യു.ടി തോമസ് ഉദ്ഘാടനം ചെയ്യും

കോടോം-ബേളൂർ, തായന്നൂർ വില്ലേജുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 15ന് നടക്കും. രാവിലെ 10ന് ഒടയഞ്ചാലിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് ഉദ്

(തുടരും)

ഘാടനം നിർവഹിക്കും. റവന്യ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ അധ്യക്ഷതവഹിക്കുന്ന ചടങ്ങിൽ പി. കരുണാകരൻ എം.പി മുഖ്യാതിഥിയാകും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ, ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു, കേരള ജല അതോറിട്ടി മാനേജിംഗ് ഡയറക്ടർ ഡോ.എ.കൗശിഗൻ, കേരള ജല അതോറിട്ടി ബോർഡ് മെമ്പർ ടി.വി ബാലൻ, പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.രാജൻ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കുഞ്ഞിക്കണ്ണൻ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എൽ ഉഷ, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. കേരള ജല അതോറിറ്റി സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്.

## കന്നഡ മീഡിയം ഇൻഫർമേഷൻ അസിസ്റ്റന്റ് നിയമനം

പ്രിസം പദ്ധതിയുടെ ഭാഗമായി കന്നഡ ഭാഷയിൽ പത്രക്കുറിപ്പുകളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ അസിസ്റ്റന്റിനെ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച ഒക്ടോബർ 17 ന് രാവിലെ പത്തിന് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നടക്കും. കന്നഡ, മലയാളം ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന കന്നഡ ടൈപ്പിംഗ് അറിയുന്നവർക്ക് പങ്കെടുക്കാം. പത്രപ്രവർത്തക പരിചയമുള്ളവർക്ക് മുൻഗണന. ഇൻഫർമേഷൻ അസിസ്റ്റന്റ്, സബ് എഡിറ്റർ തസ്തികയിലേക്ക് മുമ്പ് അപേക്ഷിച്ചവർക്കുള്ള കൂടിക്കാഴ്ചയും അഭിരുചി പരീക്ഷയും അന്നേദിവസം നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:04994 255145

## ഏകദിന പരിശീലനം ഇന്ന്

ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇലക്ടറൽ ലിറ്ററസി ക്ലബുകളുടെ നോഡൽ ഓഫീസർമാർക്കുള്ള ഏകദിന പരിശീലനം ഇന്ന്(11) രാവിലെ 10ന് ജില്ലാ പ്ലാനിംഗ് ഓഫീസിലെ കോൺഫറൻസ് ഹാളിൽ നടക്കും. എല്ലാ പരിശീലനാർഥികളും കൃത്യസമയത്ത് സംബന്ധിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## വാഹന ലേലം 23ന്

റവന്യു റിക്കവറിപ്രകാരം ജപ്തി ചെയ്ത കെ.എൽ 60 ഡി 7167 ടാറ്റാ ഇൻഡിക്ക കാർ ഒക്ടോബർ 23ന് രാവിലെ 11ന് ഹോസ്ദുർഗ് താലൂക്ക് ഓഫീസിൽ ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഹോസ്ദുർഗ് താലൂക്ക് ഓഫീസുമായോ വില്ലേജ് ഓഫീസുമായോ ബന്ധപ്പെടുക.

## ഗ്രോബാഗിൽ പച്ചക്കറിക്കൃഷി

സ്ഥലപരിമിതിയുള്ളവർക്ക് വെയിൽസാന്നിദ്ധ്യമുള്ള മട്ടുപ്പാവിലോ മുറ്റത്തോ ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ചെയ്യാം. വളത്തോടുകൂടിയ മണ്ണുനിറച്ച ഒരു ബാഗും ചെടിയുമുൾപ്പടെ കേവലം 20 രൂപയ്ക്കാണ് ലഭ്യമാക്കുന്നത്. കാസർകോട് മുനിസിപ്പൽ പരിധിയിലുള്ള തൽപരരായ കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണം. ഒരിക്കൽ തയ്യാറാക്കിയ ഗ്രോബാഗിൽ തുടർച്ചയായി ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിചെയ്യാവുന്നതാണെന്നും കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

## ജൈവകൃഷി പദ്ധതിയിലേക്ക് ഫെസിലിറ്റേറ്ററെ നിയമിക്കുന്നു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ജൈവ കൃഷി പദ്ധതിയിലേക്ക് ഫെസിലിറ്റേറ്ററെ കരാർ അടിസ്ഥാനത്തിൽ നിയിമക്കുന്നതിന് ഒക്ടോബർ 22-ന് രാവിലെ 10ന് സിവിൽ സ്റ്റേഷനിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസിൽ കൂടിക്കാഴ്ച നടത്തും. വിഎച്ച്എസ്സി(അഗ്രികൾച്ചർ) ഡിപ്ലോമ ഇൻ ഓർഗാനിക് ഫാർമിംഗ്, കമ്പ്യൂട്ടർ പരിജ്ഞാനം, ഇംഗ്ലീഷ്, മലയാളം ടൈപ്പിംഗ് എന്നീ യോഗ്യതയുള്ളവർക്ക് കൂടിക്കാഴ്ചയിൽ പങ്കെടുക്കാം. നിയമനം ലഭിക്കുന്നയാൾക്ക് പ്രതിമാസം 13000 രൂപ ഹോണറേറിയം ലഭിക്കും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി,

(തുടരും)

പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും സഹിതം കൂടിക്കാഴ്ചയ്ക്ക് ഹാജരാകണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

## കർഷകർ സർട്ടിഫിക്കറ്റ് ഹാജരാക്കണം

മധൂർ കൃഷിഭവൻ പരിധിയിൽപ്പെട്ട കർഷക പെൻഷൻ വാങ്ങുന്ന കർഷകർ വരുമാന സർട്ടിഫിക്കറ്റ് ഒക്ടോബർ 25 നകം കൃഷി ഭവനിൽ ഹാജരാക്കണമെന്നു മധൂർ കൃഷി ഓഫീസർ അറിയിച്ചു.

## ബാലസഭ സ്കൂൾ ഓഫ് ഡാൻസ് ആന്റ് മ്യൂസിക്

കുടുംബശ്രീ -കലാ രംഗത്ത് മാതൃക പദ്ധതിയുമായി ബാലസഭ സ്കൂൾ ഓഫ് ഡാൻസ് & മ്യൂസിക് പ്രവർത്തനം ആരംഭിക്കുന്നു. കുടുംബശ്രീ ജില്ലാമിഷൻ, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, സിഡിഎസ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ബാലസഭ സ്കൂൾ ഓഫ് ഡാൻസ് ആന്റ് മ്യൂസിക് പ്രവർത്തനം ആരംഭിക്കുന്നു. അഞ്ചിനും 15 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായി നൃത്തം, സംഗീതം എന്നിവയിൽ പരിശീലനം നൽകും. കുടുംബശ്രീയുടെ പ്രവർത്തനമേഖലയിൽ പ്രധാനപ്പെട്ടതാണ് കുട്ടികളുടെ കലാ സർഗശേഷി പരിപോഷിപ്പിക്കുന്നതിന് രൂപീകരിച്ച ബാലസഭ. മാസത്തിലെ എല്ലാ ഞാറാഴ്ചകളിലും ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സിഡിഎസ് ഹാളിൽപരിശീലനം നൽകും.

ബാലസഭ പദ്ധതിക്കു കീഴിൽ കലാമേഖലയിലെ സംസ്ഥാനത്തെ ആദ്യ സംരംഭമാണ് ഇത്. പ്രഗൽഭരായ അധ്യാപകരുടെ ശിക്ഷണത്തിലാണ് പരിശീലനം. കുടുംബശ്രീ സംസ്ഥാന കലോൽസവത്തിൽ രണ്ടുവർഷം തുടർച്ചയായി ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ജില്ലാമിഷനു കീഴിലെ കുടുംബശ്രീ കലാകാരികൾ ചേർന്ന് കുടുംബശ്രീ തിയേറ്ററും ഇതിനോടനുബന്ധിച്ച് രൂപീകരിച്ചിരുന്നു. ഭാവിയിൽ മികച്ച കലാകാരന്മാരെ വളർത്തിക്കൊണ്ടുവരുന്ന പ്രഥമ സംരംഭം ഒക്ടോബർ 13 ന് ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ ഉദ്ഘാടനം ചെയ്യും. ജനപ്രതിനിധികൾ, കലാ -സാംസ്കാരിക രംഗത്തെ പ്രമുഖർ, ജില്ലാമിഷൻ ടീം എന്നിവർ ചടങ്ങിൽ പങ്കെടുക്കും. ബാലസഭ കലാ കേന്ദ്രത്തിന്റെ പ്രവേശനം ആരംഭിച്ചു. പ്രവേശനം ലഭിക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ 9744364271 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഫോട്ടോ:-ലോഗോ

## ലേലം ചെയ്യും

കാസർകോട് ഡിവിഷനിലെ ഹോസ്ദുർഗ് റെയ്ഞ്ചിലെ സാമ്പിളിൽ സ്റ്റാർച്ച് കണ്ടെത്തിയതിനെ തുടർന്ന് ലൈസൻസ് റദ്ദാക്കിയ ആറാം ഗ്രൂപ്പിലെ ടി.എസ് നം.18 നെടിയോട്ട്പാറ, 24 ഒടയഞ്ചാൽ, 25 ചുള്ളിക്കര, 30 രാജപുരം, 48 ഉദയപുരം എന്നീ കള്ള് ഷാപ്പുകൾ ഒക്ടോബർ 26 ന് രാവിലെ 10.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ വില്പ്പന നടത്തും. കൂടുതൽ വിവരങ്ങൾക്ക് കാസർകോട് എക്സൈസ് ഡിവിഷൻ ഓഫീസുമായോ, കാസർകോട്, ഹോസ്ദുർഗ് എക്സൈസ് സർക്കിൾ ഓഫീസുകളുമായോ ബന്ധപ്പെടണമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു.

ഫോട്ടോ അടിക്കുറിപ്പ് മാത്രം:-

കണ്ണൂർ സർവകലാശാല 2018ൽ നടത്തിയ എം.എ അപ്ലൈഡ് ഇക്കണോമിക്സ് പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ സ്നേഹ കൃഷ്ണനും രണ്ടാം സ്ഥാനം നേടിയ ശ്യാംസന്തോഷും. എളേരിത്തട്ട് ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ സാമ്പത്തികശാസ്ത്ര വിഭാഗം വിദ്യാർത്ഥികളാണ് ഇരുവരും.

(തുടരും...)

(തുടരും)